## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1099.** **25.01.2018 ൽ മറുപടിയ്ക്ക്**

### മദ്യ-മയക്കുമരുന്ന് ഉപഭോഗം കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ലഹരി വർജ്ജന മിഷൻ നടപ്പിലാക്കുന്ന വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തൊക്കെ യാണ്; വെളിപ്പെടുത്തുമോ; | (എ) | സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്ക് മരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിയമ വിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമാണ് "വിമുക്തി" മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നത് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.<br>മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക എന്നതും വിമുക്തി പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) | ഇതിന്റെ ഫലമായി മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ 2017 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കെ.എസ്.ബി.സി യുടെ മദ്യവിൽപ്പനയും മുൻവർഷത്തെ ഇതേ കാലയളവിലെ മദ്യവിൽപ്പനയും തമ്മിൽ |

| | | | |
|---|---|---|---|
| | നൽകുമോ; | | താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 1,21,000 കെയ്സുകളുടെ കുറവും, ബിയറിന്റെ വിൽപ്പനയിൽ 30,50,000 കെയ്സുകളുടെ കുറവും ഉണ്ടായിട്ടുണ്ട്. |
| (സി) | മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുട്ടികളിൽ ഭീതിജനകമായ വിധത്തിൽ കൂടിവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 യാർഡ് ചുററളവിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുള്ളത് കർശനമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സ്വീകരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും ലഹരിവസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് (Care and Protection of Children) ആക്റ്റ് 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വിൽപ്പന നടത്തുന്നവർക്കും, പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് പ്രതിപാദിക്കുന്നത്. യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ഇ) | നക്ഷത്ര ഹോട്ടലുകളോട് അനുബന്ധിച്ചുള്ള ബാറുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 50 യാർഡ് ദൂരപരിധിയിൽ അനുവദിക്കാം എന്ന നിബന്ധന കൊണ്ടുവരുവാനുള്ള കാരണം എന്താണ്;വിശദമാക്കുമോ; | (ഇ) | 4 സ്റ്റാറിനും, മുകളിലും ക്ലാസ്സിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തു നിന്നുമുള്ള ദൂരപരിധി 50 മീറ്ററായി കുറച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റ് സഞ്ചാരികൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുക എന്നത് ലക്ഷ്യമാക്കിയാണ് ഈ നിബന്ധന കൊണ്ടുവന്നത്. |
| (എഫ്) | ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇത്തരം നടപടികൾ എപ്രകാരം സഹായകരമാകും എന്ന് വ്യക്തമാക്കുമോ? | (എഫ്) | യുവാക്കളിലും കുട്ടികളിലും മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹരിക്കെതിരെയുള്ള വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നു. ലഹരി വിരുദ്ധ ക്ളബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി- യുവജന- മഹിളാ - സന്നദ്ധ- സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി “ലഹരി മുക്ത കേരളം” എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**